**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3284** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ പനംകുട്ടി വാൽവ് ഹൗസ് നിവാസികൾക്ക് ഭൂനികുതി അടയ്ക്കാൻ സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് വാർഡ് 15 ഭാഗം ഉൾപ്പെടുന്ന പനംകുട്ടി വാൽവ് ഹൗസ് പ്രദേശത്തെ ജനങ്ങൾക്ക് വില്ലേജ് ഓഫീസിൽ ഭൂനികുതി അടയ്ക്കാൻ സാധിക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ദേവികുളം താലൂക്കിൽ വെള്ളത്തൂവൽ, മന്നാങ്കണ്ടം എന്നീ വില്ലേജുകളിൽ പെടുന്ന ചില പൊതു അതിർത്തി പ്രദേശത്ത് ഭൂമി കൈവശം വച്ചു വരുന്ന ഏതാനും ആളുകൾക്ക് ഭൂനികുതി അടയ്ക്കുവാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെള്ളത്തൂവൽ വില്ലേജ് ബ്ലോക്ക് 6-ലും മന്നാങ്കണ്ടം വില്ലേജ് ബ്ലോക്ക് 4-ലും പൊതു അതിർത്തിയിൽ മുൻ കാലത്ത് പട്ടയം നൽകിയിട്ടുള്ള ചില വസ്തുക്കൾ റീസർവ്വെ റിക്കാർഡുകൾ നിലവിൽ വന്നപ്പോൾ പേരിൽ ചേർത്ത് വന്നിട്ടില്ലാത്തതാണ്. ചില കക്ഷികളുടെ വസ്തു മുഴുവനായോ ഭാഗീകമായോ റിസർവ്വ് വനത്തിന്റെ സർവ്വെ നമ്പരിൽ ഉൾപ്പെട്ട് വരുന്നത് മൂലം കരം സ്വീകരിക്കാൻ കഴിയാതെ വരുന്നതുമാണ്. |
| (ബി) | പ്രസ്തുത പ്രദേശം ഏത് വില്ലേജ് ഓഫീസിന് കീഴിലാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വെള്ളത്തൂവൽ, മന്നാങ്കണ്ടം വില്ലേജുകളുടെ അതിർത്തിയിലാണ് ടി പ്രദേശം ഉൾപ്പെട്ടുവരുന്നത്. |
| (സി) | പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഭൂമി സർവ്വെ ചെയ്ത് പട്ടയ സ്കെച്ചിന്റെയും റീസർവ്വെ പ്ലാനിന്റെയും അടിസ്ഥാനത്തിൽ വിശദമായി റിപ്പോർട്ട് ചെയ്യുന്നതിന് താലൂക്ക് സർവ്വെയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ